**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1702** **01.11.2019-ലെ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |

| | | | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം സംബന്ധിച്ച നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) & (സി) | നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസ് സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി സംബന്ധിച്ച വകുപ്പ മേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20.09.2019-ലെ സ.ഉ.(സാധാ) നം.2036/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും, പഞ്ചായത്ത്, ഗ്രാമവികസനം, |

നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. വകുപ്പ തലവന്മാരുടെ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടം സർക്കാർ തലത്തിൽ പരിശോധിച്ച വരികയാണ്.

| | | | |
|---|---|---|---|
| (ബി) | ഏകീകരിച്ച വകുപ്പ് എന്നു മുതൽ പ്രവർത്തിച്ച തുടങ്ങുമെന്ന് വിശദമാക്കുമോ; | (ബി) | പൊതുസർവീസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏകീകരിച്ച വകുപ്പ് നിലവിൽ വരുന്നതാണ്. |
| (സി) | ഇതു സംബന്ധിച്ച് വകുപ്പുതല ചർച്ച, സർവ്വീസ് സംഘടനകൾ തലത്തിലുള്ള ചർച്ച, സ്പെഷ്യൽ റൂൾസ് തയ്യാറാക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | (എ) പിരിവ് കാണാവുന്നതാണ്. |
| (ഡി) | ഇപ്രകാരം ഏകീകരിക്കപ്പെടുമ്പോൾ വകുപ്പിന്റെ ഘടനയെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ഡി) | അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ